**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1513 14.12.2012- ലെ മറുപടിക്ക്**

എയർ ഇന്ത്യയും ഗൾഫ് മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) എയർ ഇന്ത്യ യഥാസമയം സർവ്വീസ് നടത്താത്തതുമൂലം ഗൾഫ് മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | | (ബി) തിരക്കുള്ള സമയത്ത് യാത്രാനിരക്ക് വർദ്ധിപ്പിക്കുക, ഷെഡ്യൂൾ റദ്ദാക്കുക എന്നിങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ ബഹു. മുഖ്യമന്ത്രിയും, ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയും കത്ത് മുഖേനയും ഡൽഹി സന്ദർശന വേളയിൽ നേരിട്ടും ബഹു. പ്രധാനമന്ത്രിയുടെയും, ബഹു. കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് ബഹു. പ്രധാനമന്ത്രി എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് കൊച്ചിയിൽ എത്തിയപ്പോഴും നിവേദനം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) വിമാനങ്ങൾ വൈകുന്നതും റദ്ദ് ചെയ്യുന്നതും കാരണം യഥാസമയം ജോലിയ്ക്ക് ഹാജരാകാൻ സാധിക്കാത്തത്കൊണ്ട് വിസ ക്യാൻസലാകുന്നതിനാൽ ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ ജോലി നഷ്ടപ്പെടുന്നവരെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | | (സി) ഇത് സംബന്ധിച്ച അപേക്ഷകളൊന്നും നാളിതുവരെ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ